## മൂല്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് മാറ്റമുണ്ടാകണം

**I. ക്രിസ്തുവിലുള്ള വിശ്വാസികൾക്ക് മൂല്യത്തെക്കുറിച്ചുള്ള അവരുടെ ധാരണയ്ക്ക് മാറ്റമുണ്ടാകണം**

- ക്രിസ്തുവിന്റെ വശങ്ങളെക്കുറിച്ചുള്ള വിശ്വാസികളുടെ വിലമതിക്കൽ
    - മുഖ്യ മൂലക്കല്ല് എന്ന നിലയിൽ
    - ബന്ധുക്കളോട് താരതമ്യപ്പെടുത്തുമ്പോൾ
    - ഭൂമിയിലെ നിധിയുമായി താരതമ്യപ്പെടുത്തുമ്പോൾ നീതിയുടെ നിധി എന്ന നിലയിൽ
    - എല്ലാ കാര്യങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ അവനെക്കുറിച്ചുള്ള പരിജ്ഞാനത്തെ സംബന്ധിച്ച്
    - പുതിയ യെരൂശലേം എന്ന നിലയിൽ
- നമ്മുടെ മൂല്യത്തിന്റെ ധാരണയ്ക്ക് സമഗ്രമായ മാറ്റമുണ്ടാകുവാൻ നമുക്ക് വെളിച്ചം നൽകണമെന്ന് നാം കർത്താവിനോട് അപേക്ഷിക്കണം
- "നീ അധമമായത് ഒഴിച്ച് ഉത്തമമായതു പ്രസ്താവിച്ചാൽ/ നീ എന്റെ വായ്പോലെ ആകും"

## പത്രൊസ് കണ്ട ക്രിസ്തുവിന്റെ പരമമായ അമൂല്യതയുടെ ദർശനം

**II. ക്രിസ്തു തന്നെയാണ് തന്റെ വിശ്വാസികൾക്ക് വിലയേറിയവനെന്ന് പത്രൊസ് കണ്ടു**

- തന്റെ രക്തസാക്ഷിത്വം വരെ തന്റെ ഇടയനായ കർത്താവിനെ അനുഗമിക്കുവോളം പത്രൊസ് കർത്താവിനാൽ അത്രത്തോളം ആകർഷിക്കപ്പെട്ടു

പത്രൊസ് കണ്ടു:

- ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള വിലയേറിയ കല്ല് ക്രിസ്തു തന്നെയാണ്
- ക്രിസ്തുവിന്റെ വിലയേറിയ രക്തം നമ്മുടെ വ്യർഥമായ നടപ്പിൽനിന്ന് നമ്മെ വീണ്ടെടുത്തു
- നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തു നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു
- ദൈവം എല്ലാ വിശ്വാസികൾക്കും തുല്യമായി വിലയേറിയ വിശ്വാസം പകുത്തുനൽകിയിരിക്കുന്നു
- കഷ്ടാനുഭവങ്ങളിലൂടെ വരുന്ന വിവിധ പരീക്ഷകളിലൂടെയാണ് നമ്മുടെ വിശ്വാസത്തിന്റെ വിലയേറിയ പരിശോധന ഉണ്ടാകുന്നത്

## യെശയ്യാവ് കണ്ട ക്രിസ്തുവിന്റെ പരമമായ അമൂല്യതയുടെ ദർശനം

**III. യെശയ്യാവ് തന്റെ വിഷാദാവസ്ഥയിൽ തേജസ്സിലുള്ള ക്രിസ്തുവിന്റെ ദർശനം കണ്ടു**

ക്രിസ്തു യെശയ്യാവിന് പ്രത്യക്ഷനായി:

- ദൈവം തിരഞ്ഞെടുത്ത, അവനു പ്രിയരായ ജനത്തിന് മത്സരവും അകൃത്യങ്ങളും ദുഷ്ടതയും ഉണ്ടായിരുന്നിട്ടു പോലും, കർത്താവും രാജാവും സൈന്യങ്ങളുടെ യഹോവയും എന്ന നിലയിൽ ക്രിസ്തു അപ്പോഴും ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ മഹത്വത്തിൽ ഇരിക്കുകയായിരുന്നു
- യെശയ്യാവ് കണ്ടത് ക്രിസ്തുവിനെ ആയിരുന്നു
    - തേജോമയനായ സിംഹാസനസ്ഥനായ ക്രിസ്തുവിന്റെ ദർശനം നമുക്ക് കാണുവാൻ കഴിയേണ്ടതിന്, നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട്, നാം യെശയ്യാവിന്റെ മുന്നറിയിപ്പിൻ വചനത്തിന് (യെശയ്യാവ് 6:9-10) ശ്രദ്ധ നൽകണം
- ക്രിസ്തുവിന്റെ നീളമുള്ള അങ്കി പ്രധാനമായും അവന്റെ മനുഷ്യത്വത്തിലും അവന്റെ മനുഷ്യത്വത്തിലൂടെയും വെളിപ്പെട്ട അവന്റെ സദ്ഗുണങ്ങളിലുള്ള പ്രതാപത്തെ സൂചിപ്പിക്കുന്നു
- യെശയ്യാവ് ക്രിസ്തുവിനെ അവന്റെ നീതിയിൽ അടിസ്ഥാനപ്പെട്ട അവന്റെ വിശുദ്ധിയിൽ കണ്ടു
- ഈ ദർശനം കണ്ടതിന്റെ ഫലമായി, താൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യനാണെന്നും, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുകയാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് യെശയ്യാവ് അവസാനിപ്പിക്കപ്പെട്ടു
    - പുതിയനിയമ അർഥത്തിൽ, ദൈവത്തെ കാണുന്നത് ദൈവത്തെ നേടുന്നതിന് തുല്യമാണ്;
    - അത് നമ്മെ രൂപാന്തരപ്പെടുത്തുന്നു,
    - നാം എത്രത്തോളം ദൈവത്തെ കാണുകയും, അറിയുകയും സ്നേഹിക്കുകയും ചെയ്യുമോ, അത്രത്തോളം നാം നമ്മെത്തന്നെ വെറുക്കുകയും നമ്മെത്തന്നെ ത്യജിക്കുകയും ചെയ്യും
- ദൈവത്തെ കാണുന്നത് ദൈവത്താൽ ശുദ്ധീകരിക്കപ്പെടുകയും വെടിപ്പാക്കപ്പെടുകയും ചെയ്യുന്നതിൽ പരിണമിക്കുന്നു

## ദാനീയേൽ കണ്ട ക്രിസ്തുവിന്റെ പരമമായ അമൂല്യതയുടെ ദർശനം

**IV. ദാനീയേലിന് ഒരു മനുഷ്യനെന്ന നിലയിൽ തന്റെ പരമമായ അമൂല്യതയിൽ പ്രത്യക്ഷനായ, ഉൽകൃഷ്ടനായ ക്രിസ്തുവിന്റെ ദർശനം, ദാനീയേലിന്റെ വിലമതിപ്പിനും ആശ്വാസത്തിനും പ്രോത്സാഹനത്തിനും ദൃഢീകരണത്തിനും വേണ്ടിയായിരുന്നു**

ക്രിസ്തു ദാനീയേലിന് പ്രത്യക്ഷനായി:

- ചണനൂൽ അങ്കി—തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ അവരുടെ അടിമത്തത്തിൽ പരിപാലിക്കുവാൻ, ചണനൂൽ അങ്കി, തന്റെ മനുഷ്യത്വത്തിൽ ഒരു പുരോഹിതനായി
- സ്വർണ അരകച്ച—സകല ജനത്തെയും ഭരിക്കേണ്ടതിന്, തന്റെ രാജത്വത്തിലും തന്റെ ദിവ്യത്വത്തിലും
- അവന്റെ ശരീരം ഗോമേദകം—തന്റെ ജനത്തിന്റെ വിലമതിപ്പിനായി, തന്റെ അമൂല്യതയിലും അന്തസ്സിലും
- മിന്നൽപ്രകാശംപോലെയുള്ള മുഖം—ജനത്തിനുമേൽ പ്രകാശിക്കുന്നതിനായി തന്റെ ശോഭയിൽ
- കണ്ണുകൾ തീപ്പന്തം—അന്വേഷിക്കുന്നതിനും വിധിക്കുന്നതിനുമായി തന്റെ പ്രകാശിപ്പിക്കുന്ന കാഴ്ചയിൽ
- അവന്റെ കൈകളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണംപോലെ—തന്റെ വേലയുടെയും നീക്കത്തിന്റെയും തിളക്കത്തിൽ
- അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെ—ജനത്തെ വിധിക്കുന്നതിന് തന്റെ ശക്തമായ സംസാരത്തിൽ

## ഫലം—ആവിഷ്കാരം—യഥാർഥ സഭാ ജീവിതം

**V. ദൈവത്തിന്റെ വ്യക്തിപരമായ നിധിയായ വിലയേറിയ മനുഷ്യരാകുവാൻ അവനാൽ നമുക്ക് സംരചിക്കപ്പെടുവാൻ കഴിയത്തക്കവണ്ണം ദൈവത്തിന്റെ പരമമായ അമൂല്യതയായ ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം സമയത്തെ വീണ്ടെടുക്കണം; അവൻ നമ്മെ അവന്റെ നിധിയായി ആസ്വദിക്കുന്നതു പോലെ, അവനെ നമ്മുടെ ഓഹരിയായി ആസ്വദിച്ചുകൊണ്ട്, അവന്റെ വിലയേറിയ സാന്നിധ്യത്തിൽ നാം ജീവിക്കുമ്പോൾ, അവന്റെ ഹൃദയാഗ്രഹത്തിന്റെ പൂർത്തീകരണത്തിനായി നമ്മെ അവന്റെ ആത്മിക ഭവനവും വിശുദ്ധവും രാജകീയവുമായ പുരോഹിതവർഗവുമാക്കുവാൻ അവൻ അവനെത്തന്നെ നമ്മിലേക്ക് പണിയുന്നു**